# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 03/11/ 2020

## ഉന്നത പുരസ്ക്കാര നിറവിൽ ജില്ലാ പോലീസ് മേധാവിയടക്കം കൊല്ലം സിറ്റിയിലെ എട്ട് പോലീസുദ്യോഗസ്ഥർ




സംസ്ഥാന പോലീസ് മേധാവിയുടെ ബാഡ്ജ് ഓഫ് ഹോണർ പുരസ്ക്കാരത്തിന് അർഹരായ ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി.ഐ.പി.എസ്സും അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ ജോസി ചെറിയാനും

കൊല്ലം : സംസ്ഥാന പോലീസ് മേധാവിയുടെ 2019 ലെ ബാഡ്ജ് ഓഫ് ഹോണർ പുരസ്ക്കാരത്തിന് കൊല്ലം സിറ്റിയിലെ എട്ട് പോലീസുദ്യോഗസ്ഥർ അർഹരായി. ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി ഐ.പി.എസ്സ്, അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ ജോസി ചെറിയാൻ, ട്രാഫിക് യൂണിറ്റ് എസ്സ്.ഐ പ്രദീപ്.പി, സിറ്റി സ്പെഷ്യൽ ബ്രാഞ്ച് സബ്ബ് ഇൻസ്പെക്ടർമാരായ സൂരജ്, സുനിൽ.പി. വൈ, സോഷ്യൽ മീഡിയ സെല്ലിലെ സിവിൽ പോലീസ് ഓഫീസർമാരായ സിജോ കൊച്ചുമ്മൻ, ലിനുലാലൻ, പോലീസ് ഫോട്ടോഗ്രാഫർ ശ്യാംലാൽ. എസ്സ് എന്നിവരാണ് സംസ്ഥാന പോലീസ് മേധാവിയുടെ ബഹുമതിക്ക് അർഹരായവർ. ഇടുക്കി നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ പെൺകുട്ടിയെ കാണാതയതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി കുട്ടിയെ കണ്ടെത്തി മനുഷ്യക്കടത്ത് നടത്തിയ വരെ പിടികൂടിയതിനാണ് അന്നത്തെ ഇടുക്കി ജില്ലാ പോലീസ് മേധാവിയായിരുന്ന കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ്സ് ബാഡ്ജ് ഓഫ് ഹോണറിന് അർഹനായത്. ദേശാന്തര ബന്ധമുള്ള കുപ്രസിദ്ധമായ രവിപൂജാരി കേസിലെ അന്വേഷണ മികവിനാണ് അന്നത്തെ എറണാകുളം ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്സ്.പിയായിരുന്ന കൊല്ലം അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ ജോസി ചെറിയാൻ പുരസ്ക്കാരത്തിന് അർഹമായത്. കൊല്ലം സിറ്റി ട്രാഫിക് എൻഫോഴ്സ്മെന്റിൽ പുത്തൻ ആശയങ്ങൾ നടപ്പിലാക്കി മികച്ച പ്രവർത്തനം നടത്തിയതിന് ട്രാഫിക്ക് എസ്സ്.ഐ പി പ്രദീപിനും സോഷ്യൽ പോലീസിംങ്ങുമായി ബന്ധപ്പെട്ട മികച്ച പ്രവർത്തനത്തിന് സിറ്റി സ്പെഷ്യൽ ബ്രാഞ്ച് സബ്ബ് ഇൻസ്പെക്ടർമാരായ സൂരജ്, സുനിൽ.പി. വൈ എന്നിവർക്കും സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും മികച്ച രീതിയിൽ രഹസ്യവിവരങ്ങൾ ശേഖരിച്ചതിന് സിവിൽ പോലീസ് ഓഫീസർമാരായ സിജോ കൊച്ചുമ്മൻ, ലിനുലാലൻ എന്നിവർക്കും, അന്വേഷണവുമായി ബന്ധപ്പെട്ട് ഫോട്ടോഗ്രാഫിക് മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയതിന് പോലീസ് ഫോട്ടോഗ്രാഫർ ശ്യാംലാലിനും സംസ്ഥാന പോലീസ് മേധാവിയുടെ മികവിനുള്ള ബഹുമതികൾ ലഭിച്ചു.